**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2804** **18-03-2022 - ൽ മറുപടിയ്ക്ക്**

**ആധുനിക തൊഴിൽ മേഖലകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന വരുടെ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീമതി ശാന്തകുമാരി കെ.** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പൊതുസമൂഹത്തിന്റെ വികസന നിലവാരത്തോടൊപ്പം പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ നിലവാരം ഉയർത്തി ആധുനിക തൊഴിൽ മേഖലകളിലെ പങ്കാളിത്തം വർധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലമാണ്; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ നിലവാരം ഉയർത്തുന്നതിനും ആധുനിക തൊഴിൽ മേഖലകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പര്യാപ്തമായ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1) വിവിധ തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ വകുപ്പിന് കീഴിലുള്ള 44 തൊഴിൽ പരിശീലന സ്ഥാപനങ്ങൾ വഴിയും പാലക്കാട് ജില്ലയിലെ കമ്മ്യൂണിറ്റി കോളേജ് വഴിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2) വിദേശത്തും സ്വദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിവിധ സർക്കാർ/സർക്കാരിതര ഏജൻസികൾ മുഖേന നൈപുണ്യവികസന പരിശീലന പരിപാടികൾ നടപ്പാക്കുന്നു. 3) വിദ്യാർത്ഥികളെ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് തുടങ്ങിയ മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ വഴി പരിശീലനം നൽകുന്നു. 4) വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ദേശീയതലത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും സിവിൽ സർവ്വീസ് പരീക്ഷയിൽ പരിശീലനം നൽകുന്നതിനും ICSETS എന്ന സ്ഥാപനം പരിശീലനം നൽകുന്നു. 5) സംരംഭകത്വ വികസനത്തിനായി Start up dreams പദ്ധതി Kerala Start up മിഷൻ മുഖേന നടപ്പിലാക്കുന്നു. |
| (ബി) | പ്രസ്തുത വിഭാഗങ്ങൾക്കായി സംരംഭകത്വ സഹായം നൽകി വരുന്നുണ്ടോ; | (ബി) | സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപയും (1/3 സബ്സിഡി) സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് |

| | | | |
|---|---|---|---|
| | | | കോസ്റ്റിന്റെ 75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയും സഹായിക്കുന്നു. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതിയും ലഭ്യമാണ്. നിലവിൽ 4 സംരംഭകർക്കായി 20.00 ലക്ഷം രൂപ ആദ്യഗഡുവായി പ്രത്യേക സീഡ് ഫണ്ടായി ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംരംഭകത്വ വികസന പരിപാടി തുടങ്ങുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രത്യേക നൈപുണ്യ വികസന പരിശീലനം നൽകി വിദേശത്തുൾപ്പെടെ 2500 പേർക്കെങ്കിലും മികച്ച തൊഴിൽ ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയിൽ കൈവരിക്കാനായ നേട്ടം വിശദമാക്കാമോ; | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിവര സാങ്കേതികം, ഇലക്ട്രിക്കൽ & ഓട്ടോമൊബൈൽ എൻജിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ്, ആയുർവേദ നഴ്സിംഗ്, പഞ്ചകർമ്മ, ഫാർമസി, യോഗ ഇൻസ്ട്രക്ടർ, സ്പാ തെറാപ്പി പരിശീലനം, കാർഷികമേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനം എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വിവിധ പരിശീലന പരിപാടികളിലായി 8508 പേർ പരിശീലനം പൂർത്തിയാക്കുകയും 5695 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. നൈപുണ്യ വികസന പരിശീലനം വഴി നാളിതുവരെ വിദേശത്തുൾപ്പെടെ 2990 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനത്തിനും സോഫ്റ്റ് സ്കിൽ വികസനത്തിനും പ്രത്യേകം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പിനു നൈപുണ്യ പരിശീലന പരിപാടിയിൽ തൊഴിൽ പരിശീലനത്തോടൊപ്പം സോഫ്റ്റ് സ്കിൽ വികസനത്തിനുള്ള മൊഡ്യൂൾ കൂടി സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ